**പത്രക്കുറിപ്പ്**

# നഗരത്തിൽ വൻ മയക്കുമരുന്ന് വേട്ട: ലക്ഷങ്ങൾ വിലയുള്ള എം.ഡി.എം.എ-യുമായി മൂന്നംഗസംഘം പിടിയിൽ

**കോവിഡ്-19**

## വിലക്ക് ലംഘനം: 72 പേർക്കെതിരെ നിയമനടപടി 21,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- സിറ്റി പോലീസ് നടത്തി വരുന്ന നർക്കോട്ടിക് സ്പെഷ്യൽ ഡ്രൈവിൻ്റെ ഭാഗമായിൽ നടത്തിയ പരിശോധനയിൽ വാണിജ്യ അളവിലുള്ള എം ഡി എം എ മയക്കുമരുന്നുമായി 3 പേരെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. ചേർത്തല സ്വദേശി



സാം(28), തിരുവനന്തപുരം സ്വദേശികളായ അരുൺ (24), മജ്ജു (42) എന്നിവരെയാണ് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ( (ക്രമസമാധാനം) ഡോ.വൈഭവ് സക്സേന ഐ .പി .എസിന്റെ മേൽ നോട്ടത്തിൽ രൂപീകരിച്ച, എ.സി.പി നർക്കോട്ടിക് സെൽ പ്രദീപ് കുമാർ, സ്പെഷ്യൽ ബ്രാഞ്ച് എ സി പി ബിനുകുമാർ എന്നിവരുടെ നേതൃത്വത്തിലുള്ള ഡിസ്ട്രിക്ട് ആന്റി നാർകോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോര്സും (ഡാൻസാഫ് ) ഫോർട്ട് പോലീസും ചേർന്ന് അറസ്റ്റ് ചെയ്തത്. ഇവരിൽ നിന്നും മൂന്ന് ലക്ഷം രൂപയോളം വില വരുന്ന 39 ഗ്രാം മയക്കുമരുന്നും പോലീസ് പിടിച്ചെടുത്തു. മയക്കു മരുന്നിന് അടിമകളായ ചെറുപ്പക്കാർക്കാണ് സംഘം എം ഡി എം എ വിൽപ്പന നടത്തി വന്നിരുന്നത്. സമീപ കാലത്ത് സിറ്റി പോലീസ് നടത്തിയ ഏറ്റവും വലിയ മയക്കു മരുന്ന് വേട്ടയാണിത്. ഇതിൽ സാം ആണ് സംഘത്തലവൻ. സ്പെഷ്യൽ ടീം ദിവസങ്ങളായി ഈ സംഘത്തെ നിരീക്ഷിച്ചു വരികയായിരുന്നു. ഈ സംഘത്തിലെ അംഗമായ ആദിൽ എന്നയാളെ ഒരു ഗ്രാം എം ഡി എം എ യുമായി കഴിഞ്ഞ ദിവസം സ്പെഷ്യൽ ടീം പിടികൂടിയിരുന്നു. ബംഗളുരുവിൽ നിന്നും നൈജീരിയക്കാരും സുഡാനികളുമായ ഹോൾസെയിൽ വിൽപ്പനക്കാരിൽ നിന്നും മയക്കുമരുന്ന് വാങ്ങി തിരുവനന്തപുരം നഗരത്തിലെ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് മറ്റ് സംഘാംഗങ്ങൾ വഴി അതീവ രഹസ്യമായാണ് മയക്കുമരുന്ന് വിൽപ്പന നടത്തുന്നത്. നിയമസഭാ തെരഞ്ഞെടുപ്പ് സുഗമമായി നടത്തുന്നതിന്റെ ഭാഗമായാണ് ഡെപ്യൂട്ടി പോലീസ് കമ്മീഷണർ (ക്രമസമാധാനം) ഡോ.വൈഭവ് സക്സേനയുടെ മേൽനോട്ടത്തിൽ സ്പെഷ്യൽ ടീം നഗരത്തിൽ ഇത്തരത്തിൽ വ്യാപകമായ പരിശോധനകൾ നടത്തുന്നത്. വരും ദിവസങ്ങളിലും ഊർജിതമായ പരിശോധനകൾ തുടരുമെന്നും ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

ഫോർട്ട് എസ്. എച്ച്.ഒ. ബിനു.സി, എസ്.ഐ സജു എബ്രഹാം, സി.പി.ഒ മാരായ വിനോദ്, പ്രമോദ്, സുജീഷ്, ഗിരീഷ്, ബിനു, രാജി ഡാൻസാഫ് എസ്.ഐ–മാരായ ഗോപകുമാർ, അശോക് കുമാർ ടീം അംഗങ്ങളായ സജി, വിനോദ്, രഞ്ജിത്, അരുൺ, ഷിബു, നാജിബഷീർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (08–03–2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 72 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 25 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്–2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 40 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 21,000/– രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 5 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി

08–03–2021

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി